നടത്തുമ്പോൾ പ്ലാനിംഗ് ആന്റ് ഇക്കണോമിക്സ് അഫയേഴ്സ് (സി.പി.ഇ) ഡിപ്പാർട്ടുമെന്റിന്റെ 25.2.92-ലെ ഓർഡർ നം.14896/സിപി.ഇ2/91/പ്ലാനിംഗ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ട്.

(ജി) കിൻഫ്രയുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നു.

238 (1417) സൈനിക സ്കൂൾ വളപ്പിൽ കിൻഫ്രയ്ക്ക് വ്യവസായ യൂണിറ്റ്

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) തിരുവന്തപുരത്തു കഴക്കൂട്ടം സൈനിക സ്കൂൾ വളപ്പിൽനിന്ന് കിൻഫ്രയ്ക്ക് വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിന് ഭൂമി ഏറ്റെടുക്കാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോയെന്നും, പ്രസ്തുത ആവശ്യത്തിനുവേണ്ടി എന്തു തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് കിൻഫ്ര എന്തൊക്കെ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളതെന്നും, എന്തൊക്കെ ഉല്പന്നങ്ങളാണ് ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ;

(സി) പദ്ധതിയുടെ പ്രവർത്തനപുരോഗതിയെന്താണെന്നും, എത്ര പേർക്ക് ഈ സംരംഭംമൂലം തൊഴിൽ നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. 75 ഏക്കർ ഭൂമി കിൻഫ്ര മുഖാന്തിരം ഏറ്റെടുക്കുന്നതിന് മൂന്നു കോടി രൂപ സൈനികസ്കൂളിന് നൽകിയിട്ടുണ്ട്.

(ബി) ഇവിടെ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഒരു ഫിലിം വീഡിയോ പാർക്ക് സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട വിവിധ വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ വ്യവസായ സംരംഭകരെ ക്ഷണിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ജനുവരി-ഫെബ്രുവരി 2000-ത്തോടെ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്. ഇവിടെ വരുന്ന വ്യവസായങ്ങളിലൂടെ 1000 പേർക്ക് നേരിട്ടും 5000 പേർക്ക് നേരിട്ടല്ലാതെയും തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

239 (1418) കശുവണ്ടി വികസന കോർപ്പറേഷന്റെ ലാഭനഷ്ട കണക്കുകൾ

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ 1993-94 മുതൽ 1998-99 വരെയുള്ള ലാഭനഷ്ടങ്ങളുടെ കണക്ക് വർഷം തിരിച്ച് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോർപ്പറേഷന് 1998-99 വരെയുള്ള മൊത്തം സഞ്ചിതനഷ്ടം എത്ര രൂപയാണ്;

(സി) കശുവണ്ടി വികസന കോർപ്പറേഷന് സർക്കാർ ധനസഹായം നൽകിയതിന്റെ കണക്ക് ഇനംതിരിച്ചും വർഷം തിരിച്ചും വെളിപ്പെടുത്തുമോ;

(ഡി) കോർപ്പറേഷൻ ഏതെങ്കിലും ബാങ്കിതര സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ; തിരിച്ചടച്ചതിന്റെ കണക്ക് വെളിപ്പെടുത്തുമോ;

(ഇ) 1998-99ന് ശേഷം കോർപ്പറേഷൻ ഇറക്കുമതി ചെയ്ത തോട്ടണ്ടിക്ക് സ്വകാര്യ മുതലാളിമാർ നൽകിയ വിലയേക്കാൾ കൂടുതൽ വില നൽകിയാണ് എടുത്തതെന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇതുമൂലം കോർപ്പറേഷനുണ്ടായ നഷ്ടം എത്രയാണ്; ഇതിന്മേൽ ഏതെങ്കിലും തലത്തിൽ അന്വേഷണം നടത്തുകയുണ്ടായോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)

വർഷം	നഷ്ടം (ലക്ഷത്തിൽ) (ആഡിറ്റിനു വിധേയം)
1993-94	2692.61
1994-95	2163.24
1995-96	2357.57
1996-97	1877.87
1997-98	1689.42
1998-99	178.00

(ബി) 21424.17 ലക്ഷം രൂപ (ആഡിറ്റിന് വിധേയം)

(സി) 1988 മുതൽ കോർപ്പറേഷന് നൽകിയ തുക സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) കെ.എം.എം.എൽ-ൽ നിന്ന് 1993-ൽ 70 ലക്ഷം രൂപയും, 4.5.95-ൽ 140 ലക്ഷം രൂപയും, 27.8.1998-ൽ 500 ലക്ഷം രൂപയും വായ്പയെടുത്തിട്ടുണ്ട്. ഇതിൽ 1993-ൽ എടുത്ത വായ്പ തിരിച്ചുനൽകിയിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) 98-99നുശേഷം നടത്തിയിട്ടുള്ള ഇറക്കുമതിയിൽ കോർപ്പറേഷന് നഷ്ടമൊന്നും ഉണ്ടായിട്ടുള്ളതായി കണ്ടിട്ടില്ല. ഇക്കാര്യത്തിൽ അന്വേഷണമൊന്നും നടക്കുന്നില്ല.

240 (1419) പീഡിത വ്യവസായങ്ങൾ പുനരുദ്ധരിക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly